REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 26-06-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഷാൻഹായ് കോ ഓപറേഷൻ ഓർഗനൈസേഷൻ പ്രതിരോധ മന്ത്രിമാരുടെ സംയുക്ത പ്രസ്താവനയിൽ ഒപ്പിടാൻ ഇന്ത്യ വിസമ്മതിച്ചതായി റിപ്പോർട്ട്.
- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാകാൻ വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല. ഡോക്കിംഗ് വൈകിട്ട്.
- കോഴിക്കോട് സാമൂതിരി രാജാവ് KCR രാജ അന്തരിച്ചു.
- സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ ഓറഞ്ച് ജാഗ്രത- ആറിടത്ത് മഞ്ഞ ജാഗ്രത.

## വാർത്തകൾ വിശദമായി

ലോക ലഹരി വിരുദ്ധ ദിനാചരണത്തിൽ പങ്കുചേർന്ന് കേരളവും ലഹരിവിപത്തിനെതിരായ പ്രവർത്തനങ്ങളിൽ സമൂഹത്തെ അണിനിരത്തി. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഗവൺമെന്റ്, ഗവൺമെന്റേതിര സ്ഥാപനങ്ങളുടെയും പിന്തുണയോടെ

സംഘടിപ്പിച്ച ലഹരിവിരുദ്ധ ജനകീയ പ്രതിരോധം '2 മില്യൺ പ്ലഡ്ജ് പരിപാടി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

....(CM VOICE)......

ടൗൺ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ മന്ത്രി P.A മുഹമ്മദ് റിയാസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ഒരുമിച്ച് 20 ലക്ഷം പേർ ലഹരിക്കെതിരായ പ്രതിജ്ഞ ചൊല്ലി. മന്ത്രി A.K ശശീന്ദ്രനും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ലഹരിക്കടിമപ്പെട്ട യുവജനതയെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുന്നുണ്ടെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ലഹരി ഉപയോഗം യുവജനതയുടെ ഏറ്റവും വലിയ വിപത്താണെന്നും ലഹരി രഹിത ഭാരതത്തിനായി അണി നിരക്കുന്ന എല്ലാവർക്കും ആശംസ നേരുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

കായിക വകുപ്പിന്റെ ലഹരിവിരുദ്ധ സന്ദേശയാത്ര വൈകിട്ട് തിരൂരിൽ സമാപിക്കും. മെയ് 5 ന് കാസർകോട്ട് നിന്ന് ആരംഭിച്ച സന്ദേശയാത്ര 14 ജില്ലകളിലും പര്യടനം പൂർത്തിയാക്കിയിരുന്നു. മാരക രാസ ലഹരിക്കെതിരെ കായിക വകുപ്പ് ''കിക്ക് ഡ്രഗ്സ് - സേ യെസ് ടു സ്പോർട്സ്'' എന്ന സന്ദേശമാണ് യാത്രയിലുടനീളം അവതരിപ്പിച്ചത്. സമാപന സമ്മേളനത്തിന് മുന്നോടിയായി രാവിലെ പെരിന്തൽമണ്ണ ടൗൺ സ്ക്വയറിൽ നിന്ന് മിനി മാരത്തൺ സംഘടിപ്പിച്ചു.

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം വൈകിട്ട് സംഘടിപ്പിക്കുന്ന 'വിചാരോത്സവം' പരിപാടിയിൽ മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് പ്രഭാഷണം നടത്തും. 'മയക്കുമരുന്നുകളുടെ വ്യാപനവും പ്രതിരോധവും' എന്ന വിഷയത്തിലാണ് പ്രഭാഷണം.

✪✪✪

ഭീകരവാദ പ്രവർത്തകരിലെ ആയുധ വ്യാപനവും സമാധാനവും ഒത്തുപോകില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു.

ചൈനയിലെ ക്വിങ്ഡാവോയിൽ ഷാൻഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ രാജ്യരക്ഷാമന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു രാജ്നാഥ് സിങ്. ഭീകരവാദം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ നിർണായക നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം യോഗത്തിൽ ആവശ്യപ്പെട്ടു. പഹൽഗാം ഭീകരാക്രമണത്തിന് ലഷ്കറെ തൊയ്ബ ഇന്ത്യയിൽ നടത്തിയ മുൻകാല ഭീകരാക്രമണങ്ങളുമായി സാമ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി ഭീകരവാദത്തെ സ്പോൺസർ ചെയ്യുകയും വളർത്തുകയും ചെയ്യുന്നവർ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി വരും. ഭീകരതയെ നയമായി അംഗീകരിച്ച ചില രാജ്യങ്ങൾ അതിർത്തി കടന്ന് ഭീകരവാദികൾക്ക് അഭയം നൽകുന്നതായും രാജ്നാഥ് സിംഗ് വ്യക്തമാക്കി. ഇരട്ടത്താപ്പ് നയം സ്വീകരിക്കുന്ന അത്തരം രാജ്യങ്ങളെ വിമർശിക്കാൻ ഷാൻഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ മടിക്കരുതെന്നും രാജ്നാഥ് സിങ് ആവശ്യപ്പെട്ടു. ഭീകരതയുടെ പ്രഭവകേന്ദ്രങ്ങൾ ഇനി സുരക്ഷിതമല്ലെന്നും അവയെ ലക്ഷ്യം വെക്കാൻ ഇന്ത്യ മടിക്കില്ലെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു.

(ഇപ്പോൾ കിട്ടിയത്).....

ഷാൻഹായ് കോ ഓപറേഷൻ ഓർഗനൈസേഷൻ പ്രതിരോധ മന്ത്രിമാരുടെ സംയുക്ത പ്രസ്താവനയിൽ ഒപ്പിടാൻ ഇന്ത്യ വിസമ്മതിച്ചതായി റിപ്പോർട്ട്. സംയുക്ത പ്രസ്താവനയിലെ ഭാഷയിൽ അതൃപ്തി പ്രകടിപ്പിച്ചാണ് ഇന്ത്യയുടെ വിയോജിപ്പ്. അതിർത്തി കടന്നുണ്ടാകുന്ന ഭീകരാക്രമണങ്ങളെക്കുറിച്ച് പ്രസ്താവനയിൽ പരാമർശമില്ലെന്നും ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

അടിയന്തരാവസ്ഥക്കതിരെ ബാലറ്റിലൂടെ വിധിയെഴുതി ജനങ്ങൾക്ക് നഷ്ടമായ സ്വാതന്ത്ര്യം വീണ്ടെടുത്തതിനും ജനാധിപത്യം സംരക്ഷിച്ചതിനും നാം കടപ്പെട്ടിരിക്കുന്നത് ഉത്തരേന്ത്യയിലെ പത്ത് സംസ്ഥാനങ്ങളിലെ ജനങ്ങളോടാണെന്ന് ഗോവ ഗവർണർ PS ശ്രീധരൻ പിള്ള പറഞ്ഞു. അടിയന്തരാവസ്ഥ ജനാധിപത്യ സംരക്ഷണ പോരാട്ട സമിതി സംഘടിപ്പിച്ച സ്മൃതിസംഗമം കാസർകോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അടിയന്തരാവസ്ഥ കാലത്തെക്കുറിച്ച് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം കണ്ണൂരിൽ സംഘടിപ്പിച്ച സ്മൃതി സംഗമത്തിലും ആവശ്യപ്പെട്ടു.

✪✪✪

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാകാൻ വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഒരുങ്ങുന്നു. അന്താരാഷ്ട്ര നിലയവുമായി ബഹിരാകാശ പേടകത്തെ ബന്ധിപ്പിക്കുന്ന ഡോക്കിംഗ് വൈകിട്ട് 4-30 നാണ്. നാല് ബഹിരാകാശ യാത്രികരെ വഹിക്കുന്ന ഡ്രാഗൺ പേടകം അന്താരാഷ്ട്ര നിലയത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്.

✪✪✪

റഷ്യ-ഉക്രെയിൻ വെടിനിർത്തൽ യാഥാർത്ഥ്യമാക്കുന്നതിന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉക്രെയിൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കിയും കൂടിക്കാഴ്ച നടത്തി. നെതർലാന്റ്സിലെ ഹേഗിൽ നാറ്റോ ഉച്ചക്കോടിക്കിടെയാണ് ഇരുവരും കൂടിക്കാഴ്ച നടത്തിയത്. സമാധാനം പുനഃസ്ഥാപിക്കുന്നതിന് യു.എസ് നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുന്നതായി സെലൻസ്കി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് ഇന്ന് റഷ്യൻ പ്രതിരോധമന്ത്രി ആൻട്രെ ബെലോസോവുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-റഷ്യ പ്രതിരോധ ബന്ധം ശക്തിപ്പെടുത്തുന്ന കാര്യം ഇരുവരും ചർച്ച ചെയ്തു.

✪✪✪

മനുഷ്യാവകാശലംഘനങ്ങളിൽ നിന്നും അതിർത്തി ഭീകരതയിൽ നിന്നും ശ്രദ്ധ തിരിക്കുന്ന പാകിസ്ഥാന്റെ നിന്ദ്യമായ അജണ്ടയെ ഇന്ത്യ ഐക്യരാഷ്ട്ര രക്ഷാ സമിതിയിൽ ശക്തമായി എതിർത്തു. UN-ലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി P ഹരീഷാണ് പാകിസ്ഥാനെ രൂക്ഷമായി വിമർശിച്ചത്.

അതിർത്തി പ്രദേശങ്ങളിൽ പാകിസ്താൻ നടത്തിയ ഷെൽ ആക്രമണങ്ങളിൽ നിരവധി കുട്ടികൾക്ക് പരിക്കേറ്റെന്നും UN സുരക്ഷാ കൗൺസിലിൽ ഇക്കാര്യങ്ങൾ മറച്ചു വെച്ച് പാക്കിസ്ഥാൻ, വേദി ദുരുപയോഗം ചെയ്തെന്നും UN ലെ ഇന്ത്യൻ സ്ഥിരം പ്രതിനിധി പറഞ്ഞു. പാക്കിസ്ഥാൻ പരിശീലിപ്പിച്ച ഭീകരരാണ് പഹൽഗാമിൽ വിനോദ സഞ്ചാരികളെ കൊലപ്പെടുത്തിയതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

കോഴിക്കോട് സാമൂതിരി രാജാവ് KCR രാജ അന്തരിച്ചു. 93 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് രാവിലെ ബംഗലൂരുവിലായിരുന്നു അന്ത്യം. ഏപ്രിൽ മൂന്നിന് അന്തരിച്ച സാമൂതിരി രാജാവ് KCU രാജയുടെ പിൻഗാമിയാണ് KCR രാജ ചുമതലയേറ്റത്.

സെയ്ന്റ് സ്റ്റീഫൻ കോളജിൽ നിന്നും ബിരുദം നേടിയ ശേഷം ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലായിരുന്നു രാജയുടെ തുടർ പഠനം. ബോംബേ യൂനിവേഴ്സിറ്റിയടക്കം പല യൂനിവേഴ്സിറ്റികളിലും ഫാക്കൽറ്റിയായും ഉപദേശകനായും പ്രവർത്തിച്ചു.

സംസ്കാരം നാളെ ബംഗളൂരുവിൽ.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. എട്ടു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും ആറു ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. കാസർകോട്, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. അടുത്ത രണ്ട് ദിവസം കാസർകോട് മുതൽ കോട്ടയം വരെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർകോട് തീരങ്ങളിൽ കടലാക്രമണത്തിനും സാധ്യതയുണ്ട്.

✪✪✪

വയനാട്ടിൽ ശക്തമായ മഴ തുടരുകയാണ്. കഴിഞ്ഞ മൂന്നു ദിവസമായി തുടരുന്ന മഴക്ക് ഇന്നും ശമനമില്ല.

കൂടുതൽ വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസന്റ് .

......(വോയ്സ്).......

✪✪✪

**പെരിയാറിൽ ജലനിരപ്പ് ഉയർന്നതോടെ ആലുവ ശിവക്ഷേത്രം രണ്ടാം തവണയും പൂർണമായി മുങ്ങി. ഇതേ തുടർന്ന് പിതൃ ദർപ്പണ ചടങ്ങുകൾ കരയിലേക്ക് മാറ്റി.**

**നഗരസഭയിലെ ബോസ്കോ കോളനി, പവർലൂം, അംഗൻവാടി എന്നീ പ്രദേശങ്ങളിലാണ് ഇന്നലെ രാത്രി വെള്ളം കയറി. ഇതോടെ 30 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.**

✪✪✪

**ഇടുക്കിയിൽ കനത്ത മഴയും ശക്തമായ കാറ്റും തുടരുന്നു. ജില്ലയിലെ ജലാശയങ്ങളിലേക്ക് നീരൊഴുക്ക് വർദ്ധിച്ചു. പൊന്മുടി, കല്ലാർകുട്ടി, ലോവർപെരിയാർ, മലങ്കര അണക്കെട്ടുകൾ തുറന്ന നിലയിലാണ്. പെരിയാർ, കല്ലാർ, മുതിരപ്പുഴയാർ, തൊടുപുഴ - മൂവാറ്റുപുഴ ആറുകളിലേക്കും പനംകുട്ടി ചപ്പാത്ത് ഉൾപ്പെടെ ഭാഗങ്ങളിലും നീരൊഴുക്ക് ശക്തമായി.. നദികളിൽ നീരൊഴുക്ക് തുടരുന്നതിനാൽ തീരങ്ങളോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് അധികൃതർ അറിയിച്ചു. മരങ്ങൾ ഒടിഞ്ഞു വീണും മണ്ണിടിഞ്ഞും കല്ലാർകുട്ടി ,ഇടുക്കി പാമ്പള റോഡുകളിൽ ഗതാഗതം തടസപ്പെട്ടു. ശക്തമായി കാറ്റ് വീശുന്നതിനാൽ കാർഷിക മേഖലയിലും നാശനഷ്ടങ്ങൾ തുടരുകയാണ്.**

**ഇടുക്കിയിൽ നാളിയാനി - കോഴിപ്പള്ളി - കുളമാവ് റോഡിൽ മണ്ണിടിഞ്ഞ് ഗതാഗതം പൂർണ്ണമായും തടസപ്പെട്ടു. റോഡ് തകർന്നതിനെ തുടർന്ന് ആദിവാസി മേഖലകളായ നാളിയാനി - കോഴിപ്പള്ളി മേഖലകൾ പൂർണ്ണമായും ഒറ്റപ്പെട്ട അവസ്ഥയിലാണ്.**

✪✪✪

**തൃശൂർ വാഴച്ചാൽ ഉന്നതിയിൽ പേവിഷബാധയെ തുടർന്ന് മരിച്ച വ്യക്തിയുമായി സമ്പർക്കം ഉണ്ടെന്ന് സംശയിക്കുന്ന 22 പേർക്ക് ആരോഗ്യവകുപ്പ് പ്രതിരോധ കുത്തിവെപ്പ് നൽകി.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപ്.**

**.....(വോയ്സ്).......**

✪✪✪

**ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്ത് ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുകയാണെന്ന് ഉച്ചയോടെ പുറത്തുവിട്ട മെഡിക്കൽ ബുള്ളറ്റിൻ പറയുന്നു. ഹൃദയ - ശ്വാസകോശ- വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ചികിത്സ പുരോഗമിക്കുകയാണ്.**

✪✪✪

**ചൂരൽമല , മുണ്ടക്കൈ മേഖലകളിൽ ഇന്നും കനത്ത മഴ. മഴ തുടരുന്ന സാഹചര്യത്തിൽ ബെയ്‌ലി പാലം താൽക്കാലികമായി അടച്ചു. മഴ കുറയുന്നതുവരെ പ്രദേശത്തേക്ക് ആരെയും കടത്തിവിടില്ല. അട്ടമല, മുണ്ടക്കൈ മേഖലകളിലെ തോട്ടങ്ങളിൽ തൊഴിലാളികളെ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ പ്രവേശിപ്പിക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader : വികെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : ഷീബ*